**17U105** (Pages:3) Name : …………………..

Reg.No:………………….

**FIRST SEMESTER B.A/B.Sc.DEGREE EXAMINATION, NOVEMBER 2017**

(Regular/Supplementary/Improvement)

(CUCBCSS-UG)

**CC15U MAL1 A07 (1) - MALAYALA SAHITHYAM-1**

(Malayalam - Common Course)

( 2015 - admission onwards)

Time: 3 hours Maximum: 80 marks

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

1. പാട്ടുപ്രസ്ഥാനത്തിൽപ്പെട്ട ഒരു കൃതിയുടെ പേരെഴുതുക.
2. 'ശേഫാലി' എന്ന കഥാപാത്രം ഏതു കഥയിലേതാണ്?
3. കുട്ടനാടിന്റെ കഥാകാരൻ എന്നറിയപ്പെടുന്നതാര്?
4. നായകളും കോഴികളും ബഹളം വെച്ചതെന്തിന് ?
5. ''കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ''--ആരെ?
6. 'കത്തുന്ന രഥചക്രം' എന്ന കഥയെഴുതിയതാര്?
7. ''അല്പമായുള്ളോരു കാഴ്ച ഞാനെങ്ങനെ അബ്ജവിലോചനൻ മുമ്പിൽ
   വെപ്പൂ?''ആരുടെ വാക്കുകൾ?
8. ഉറൂബ് എന്ന തൂലികാനാമത്തിലറിയപ്പെടുന്ന സാഹിത്യകാരനാര്?
9. 'സ്യമന്തകം' കഥ പരാമർശിക്കുന്നത് ഭാഗവതം ഏതു സ്കന്ധത്തിലാണ്?
10. ''മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു-
    മത്സരിക്കുന്നതെന്തിനു നാം വൃഥാ''-ഏതു കൃതിയിലേതാണീ വരികൾ?

**(10 x½= 5 Marks)**

**II ഒന്നോ രണ്ടോ വാക്യത്തിലുത്തരമെഴുതുക (2 മാർക്കു വീതം)**

11. ''കല്ലുകൊണ്ടോ മനം താവകമാകില-
    ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ'' --സന്ദർഭമെന്ത് ?
12. ''വേലികൾ തന്നെ വിളവുമുടിച്ചാൽ
    കാലികളെന്തു നടന്നീടുന്നു''--ഈ വരികൾ അർത്ഥമാക്കുന്നതെന്ത്?
13. വടക്കൻ പാട്ടുകളിൽ ആവിഷ്കൃതമായിരിക്കുന്ന ഏതെങ്കിലും മൂന്നു
    തറവാടുകളുടെ പേരെഴുതുക?

**Turn Over**

14. സ്ഥിരമായി ബൂത്തിൽ വന്നു ഫോൺ ചെയ്യാറുള്ള പെൺകുട്ടിക്ക് ഒടുവിൽ എന്താണ് സംഭവിച്ചത് ?

15. അങ്കത്തിനു പുറപ്പെട്ട ആരോമൽച്ചേകവർ കാണുന്ന ദു:ശ്ശകുനങ്ങൾ എന്തെല്ലാം?

**(5x2 = 10 Marks)**

**III ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക (5 മാർക്കുവീതം)**

16. ഗതകാലസംസ്കാരത്തിന്റെ നന്മയിലേക്ക് മടങ്ങിപ്പോകാൻ അനുവാചകരെ പ്രേരി പ്പിക്കുന്ന ഘടകങ്ങൾ 'കാറ്റു പറഞ്ഞ കഥ'യിലുണ്ടോയെന്നു പരിശോധിക്കുക.

17. ''ആലക്കുറ്റി ഒടുഞ്ഞ തണ്ടുനോക്കിൻ-വെറും ചുരിക ഞാനും ഇളക്കയില്ല''-- സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

18. നളിനിയും എന്യൂമറേറ്ററും തമ്മിലുള്ള സംഭാഷണം ചുരുക്കിയെഴുതുക.

19. ഹുസ്നുൽ ജമാലിന്റെ സൗന്ദര്യം മോയിൻകുട്ടി വൈദ്യർ വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

20. പൂന്താനത്തിന്റെ 'ജ്ഞാനപ്പാന' എന്ന കാവ്യത്തിലടങ്ങിയിരിക്കുന്ന പൊരുൾ എന്ത്?

21. ''ഉള്ളിലസൂയ മുഴുത്തിട്ടുള്ളവർ
ഭള്ളുനടിച്ചു ദുഷിച്ചുതുടങ്ങി''-എന്തൊക്കെയാണ് ദുഷിച്ചത്?

22. തനതുസംസ്കാരത്തിന്റെ പ്രതിഫലനമാണ് നാടൻപാട്ടുകൾ എന്നു പറയാൻ കാരണമെന്ത്?

**(5 x 5 = 25 Marks)**

**IV ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക (10 മാർക്കുവീതം)**

23. ''മനുഷ്യരേക്കാൾ ശ്രേഷ്ഠരാണ് മൃഗങ്ങൾ''-എന്ന പ്രസ്താവന 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയിലൂടെ തകഴി വരച്ചുകാട്ടുന്നതെങ്ങനെ?

24. കാപട്യത്തിന്റെയും വഞ്ചനയുടെയും വ്യത്യസ്തമുഖങ്ങൾ ആവിഷ്കരിക്കുന്ന രണ്ടു കഥകളാണ് 'അവൾ ഒരു കുട്ടി ആയിരുന്നപ്പോൾ', 'കല്പാന്തം'എന്നിവ. സമർത്ഥിക്കുക.

25. ''സമകാലസമൂഹത്തിനു നേർക്കുപിടിച്ച കണ്ണാടിയാണ് കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകൃതികൾ''. സ്യമന്തകം തുള്ളലിന് ഈ അഭിപ്രായം യോജിക്കുന്നുണ്ടോ? സ്വമതം സ്ഥാപിക്കുക.

26. 'ഭൂമിയുടെ അവകാശികൾ' മുന്നോട്ടുവയ്ക്കുന്ന പാരിസ്ഥിതികദർശനത്തെ ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക.

27. മൊയ്തിനെളേപ്പായുടെയും കാദറെളേപ്പായുടെയും ബാഹിസിന്റെയും സ്വഭാവ സവിശേഷതകൾ താരതമ്യം ചെയ്യുക.

28. ഗാന്ധാരിയെന്ന സ്ത്രീരത്നത്തിന്റെ സ്വഭാവഗുണങ്ങൾ ഗാന്ധാരീവിലാപത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

**(4 x 10 = 40 Marks)**

*******